"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - സംസ്ഥാനത്തെ സ്വകാര്യ നഴ്സറികളുടെ ലൈസൻസ് അനുവദിക്കുന്നതിനും, പഴയ ലൈസൻസ് പുതുക്കുന്നതിനുമുള്ള ഫീസ് നിരക്കുകൾ വർധിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ് ) വകുപ്പ്**

സ.ഉ.(സാധാ) നം.1143/2024/AGRI തീയതി,തിരുവനന്തപുരം, 02-12-2024

---

പരാമർശം:-

1. സ.ഉ. (അ) നം.409/2014 ധന; തീയതി 23/09/2014.
2. കൃഷി വകുപ്പ് ഡയറക്ടറുടെ 28/03/2015ലെ TS (1) 59131/14-ാം നമ്പരായുള്ള നടപടിക്രമം.
3. സ.ഉ (അ) നം. 55/2024/ധന ; തീയതി 17/07/2024.
4. കൃഷി വകുപ്പ് ഡയറക്ടറുടെ 01/08/2024ലെ ADFW/9129/2024-TS2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത സ്വകാര്യനഴ്സറികൾക്ക് പുതുതായി ലൈസൻസ് അനുവദിക്കുന്നതിനും, ഇവയുടെ പഴയ ലൈസൻസ് പുതുക്കുന്നതിനുമുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം (2) പ്രകാരം കൃഷി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്ത് ഓരോ വകുപ്പിലെയും നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനായി വിവിധ ഫീസുകൾ/ഫൈനുകൾ/സർവീസ് ചാർജ്ജുകൾ എന്നിവ കാലാനുസൃതമായി വർധിപ്പിക്കുവാൻ അതാത് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കൃഷി വകുപ്പ് മുഖാന്തിരം അനുവദിക്കപ്പെടുന്ന നഴ്സറി ലൈസൻസിന്റെ നിലവിലെ നിരക്കിൽ വർദ്ധനവ് വരുത്തുന്നതിനായി പരാമർശം (4) ലെ കത്ത് പ്രകാരം കൃഷി ഡയറക്ടർ സർക്കാർ മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്വകാര്യ നഴ്സറികൾക്ക് പുതുതായി നഴ്സറി ലൈസൻസ് അപേക്ഷിക്കുന്നതിനും, പഴയ നഴ്സറി ലൈസൻസ് പുതുക്കുന്നതിനും, ഡ്യൂപ്ലിക്കേറ്റ് കോപ്പി നൽകുന്നതിനുമുള്ള ഫീസുകൾ ചുവടെ ചേർക്കുന്ന പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | വിശദാംശങ്ങൾ | നിലവിലെ നിരക്ക് (രൂപ) | പുതുക്കിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | പുതിയതായി നഴ്സറികൾക്കുള്ള അംഗീകാരം ലഭിക്കുന്നതിന് | 750 | 4000 |
| | | | |

| | | | |
|---|---|---|---|
| 2 | നഴ്സറികളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് | 450 | 2500 |
| 3 | ഡ്യൂപ്ലിക്കേറ്റ് കോപ്പി നൽകുന്നതിന് | നിരക്ക് നിലവിലില്ല | 200 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.മനോജ് കുമാർ

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), തിരുവനന്തപുരം.

ധനകാര്യ (റവന്യൂ മോണിറ്ററിങ് സെൽ ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by Sujanath V M
Date: 04-12-2024 13:57:22